പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 719

6.2.2013 ൽ
മറുപടിയ്ക്ക്

**ഐ.ടി. പാർക്കുകളിലെ കെട്ടിടങ്ങളിൽ കമ്പനികൾക്കായി ഇനിയും അലോട്ട് ചെയ്യാനുള്ള സ്ഥലസൗകര്യം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡോ. ടി.എം. തോമസ് ഐസക് ; | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ മന്ത്രി) |
| എ) കോഴിക്കോട് സൈബർപാർക്ക്, യു.എൽ. സൈബർപാർക്ക്, എറണാകുളം ഇൻഫോ പാർക്ക്, സ്മാർട്ട്സിറ്റി, തിരുവനന്തപുരം ടെക്നോപാർക്ക് എന്നിവിടങ്ങളിൽ വികസിപ്പിച്ചെടുത്തതും നിർമ്മിച്ചുകൊണ്ടിരിക്കുന്നതുമായ ഐ.ടി. കെട്ടിടങ്ങളിൽ പുതിയ കമ്പനികൾക്കായി ഇനിയും അലോട്ട് ചെയ്യാൻ സാധ്യമായ സൗകര്യങ്ങളെ സംബന്ധിച്ച് വിസ്തീർണ്ണം അടിസ്ഥാനമാക്കി വിശദമാക്കുമോ ; | എ) കോഴിക്കോട് സൈബർപാർക്കിൽ കോമൺ ഫെസിലിറ്റി സെന്ററിൽ ഏകദേശം 4800 ചതുരശ്ര അടിയും, യു.എൽ. സൈബർ പാർക്കിന്റെ 4.82 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണവും പൂർത്തിയായി വരുന്നു. കൊല്ലം ടെക്നോപാർക്കിലെ ഐ.ടി. കെട്ടിടത്തിൽ ഒരു ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണം അലോട്ട് ചെയ്യാനുണ്ട്. ഇൻഫോപാർക്കിൽ നിർമ്മാണം പൂർത്തിയായ ഐ.ടി. കെട്ടിടങ്ങളെല്ലാം അലോട്ട് ചെയ്തു കഴിഞ്ഞു. സ്മാർട്ട്സിറ്റിയിൽ 10900 ചതുരശ്ര അടി വിസ്തീർണ്ണമുള്ള പവലിയന്റെ നിർമ്മാണം മാത്രമെ പൂർത്തീകരിച്ചിട്ടുള്ളൂ. |
| ബി) പ്രസ്തുത കേന്ദ്രങ്ങളിൽ നിലവിൽ ഐ.ടി. കമ്പനികൾക്ക് അലോട്ട് ചെയ്തുകൊടുത്തിട്ടുള്ളതായ സ്ഥലം എത്ര സ്ക്വയർ ഫീറ്റ് വീതമാണ് ; | ബി) തിരുവനന്തപുരം ടെക്നോപാർക്കിൽ വിവിധ കമ്പനികൾക്കായി 3151500 ചതുരശ്ര അടി വിസ്തീർണ്ണം സ്ഥലം അലോട്ട് ചെയ്തിട്ടുണ്ട്. ഇൻഫോപാർക്കിൽ നിരവധി കമ്പനികൾക്കായി 100 മുതൽ 1.5 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണത്തിൽ സ്ഥലം അലോട്ട് ചെയ്തിട്ടുണ്ട്. യു.എൽ. സൈബർപാർക്കിൽ ക്വിക് സ്പെയിസിൽ 6000 ചതുരശ്ര അടി വിസ്തീർണ്ണമാണ് അലോട്ട് ചെയ്തിട്ടുള്ളത്. |
| സി) അടുത്ത അഞ്ച് വർഷത്തിനകം ഈ കേന്ദ്രങ്ങളിൽ ഓരോന്നിലും പുതുതായി എത്ര സ്ക്വയർ ഫീറ്റ് വീതം ഐ.ടി. കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കുമോ ? | സി) അടുത്ത അഞ്ച് വർഷത്തിനകം കൊല്ലം ടെക്നോപാർക്കിന്റെ പദ്ധതിയിൽ ഉൾപ്പെട്ട നാല് ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഐ.ടി. കെട്ടിടം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. |

ഇൻഫോപാർക്ക് കൊച്ചിയുടെ ഒന്നും രണ്ടും ഘട്ടത്തിൽ അടുത്ത അഞ്ച് വർഷത്തിനുള്ളിൽ 54.3 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഐ.ടി. കെട്ടിടങ്ങൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

കോഴിക്കോട് സൈബർപാർക്കിൽ 2.85 ലക്ഷം ചതുരശ്ര അടിയും,
യു.എൽ. സൈബർപാർക്കിൽ 8 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണവുമാണ് അടുത്ത അഞ്ച് വർഷത്തിനുള്ളിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്.

കേരള സർക്കാരും ടീക്കോമും തമ്മിലുള്ള 13.5.2007 ലെ ഫ്രെയിംവർക്ക് എഗ്രിമെന്റ് പ്രകാരം സ്മാർട്ട്സിറ്റി പദ്ധതി തുടങ്ങി അഞ്ച് വർഷത്തിനുള്ളിൽ 11,91,653 ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതാണ്.

സെക്ഷൻ ഓഫീസർ